(സി) ഈ അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) പരിശോധിച്ച് വേണ്ട ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാരുടെ സസ്പെൻഷൻ

1297 [2077] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാരുടെ പേരിൽ സസ്പെൻഷൻ നടപടി സ്വീകരിക്കുവാൻ കാരണമെന്ത്;

(ബി) സസ്പെൻഷൻ നടപടി സ്വീകരിക്കുന്നതിനു മുമ്പ് ആഭ്യന്തരവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

(സി) സർവ്വകലാശാല ചാൻസലറുടെ അംഗീകാരത്തോടു കൂടിത്തന്നെയാണോ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) രജിസ്ട്രാരുടെ പേരിലുണ്ടായ ചില അഴിമതി ആരോപണങ്ങൾ അന്വേഷണ വിധേയമാക്കുകയും, അതിന്റെ ഫലമായി സസ്പെൻഷൻ നടപടി ഉണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) അന്വേഷണം വിജിലൻസ് ഡിപ്പാർട്ടുമെന്റാണ് നടത്തിയിട്ടുള്ളത്.

(സി) ചാൻസലർ തന്നെയാണ് സസ്പെൻഷൻ നടപടി സ്വീകരിച്ചത്.

തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർക്കാർ സർവ്വീസിൽ ലയിപ്പിച്ച ജീവനക്കാർ

1298 [2078] ശ്രീ. കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തവനൂർ റൂറൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് സർക്കാർ സർവ്വീസിൽ ലയിപ്പിച്ച ജീവനക്കാരുടെ റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് സർവ്വീസ്, പെൻഷൻ, വെയിറേജ് മുതലായ കാര്യങ്ങൾക്ക് അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുവാൻ വരുത്തുന്ന കാലതാമസം മൂലം ജീവനക്കാർ യാതനകളനുഭവിക്കേണ്ടിവരുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ഉടൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly